# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 2123

16.08.2017 ൽ മറുപടിക്ക്

### ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ.പി.ജയരാജൻ | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഗെയ്ൽ പൈപ്പ് ലൈൻ സംസ്ഥാനത്ത് എത്ര ജില്ലകളിലൂടെയാണ് കടന്നു പോകുന്നതെന്നും കേരളത്തിലെ അതിന്റെ ദൈർഘ്യം എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലൂടെയാണ് ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്നത്. പൈപ്പ് ലൈനിന്റെ കേരളത്തിലെ മൊത്തം ദൈർഘ്യം 503 കിലോ മീറ്ററാണ്. |
| (ബി) | ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതിക്കായി ആകെ എത്ര ഭൂമിയുടെ കൈവശാവകാശം ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യക്ക് വിട്ടു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഏകദേശം 1257.5 ഏക്കർ ഭൂമിയുടെ ഉപയോഗവകാശമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. മേൽപറഞ്ഞ ഏക്കർ സ്ഥലത്തിന്റേയും ഉപയോഗാവകാശം ഇതിനോടകം ഗെയിൽ ഏറ്റെടുത്തു കഴിഞ്ഞു. |
| (സി) | ഭൂവുടമകളിൽ നിന്നും ഇതിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ അല്ലെങ്കിൽ ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ പൂർണ്ണമായും സ്ഥിരമായും ഉള്ള കൈവശാവകാശം ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ടോ; | (സി) | പെട്രോളിയം & മിനറൽസ് പൈപ്പ് ലൈൻ (ഭൂമിയുടെ ഉപയോഗവകാശം ഏറ്റെടുക്കൽ) ആക്ട് - 1962 പ്രകാരം 6(1) ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പൈപ്പ് ലൈൻ പദ്ധതിക്കാവശ്യമായ ഭൂമിയുടെ ഉപയോഗവകാശം കേന്ദ്രഗവൺമെന്റ് ഏറ്റെടുത്ത് ഗെയിലിനു നൽകിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ എപ്രകാരമാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിച്ച ഭൂമിയിൽ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യക്കും ഭൂവുടമകൾക്കും അവകാശം നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഏറ്റെടുത്ത ഭൂമിയിലൂടെ പൈപ്പ് ലൈൻ വിന്യസിക്കാനുള്ള ഉപയോഗാവകാശം മാത്രമാണ് ഗെയിലിൽ നിക്ഷിപ്തമായിട്ടുള്ളത്. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെയായിരിക്കും. |
| (ഇ) | പദ്ധതി എപ്പോൾ പൂർത്തീകരിക്കപ്പെട്ടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഇ) | 2018 ഡിസംബറോടുകൂടി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.